**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 178** **27-01-2026-ൽ മറുപടിയ്ക്ക്**

**ഹൃദയശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിലെ കുടിശ്ശിക തുക**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലേക്ക് ഹൃദയശസ്ത്രക്രിയ ഉപകരണങ്ങൾ വാങ്ങിയ ഇനത്തിൽ നിലവിൽ വിതരണക്കാർക്ക് എത്ര തുക കുടിശ്ശിക നൽകുവാൻ ഉണ്ട് ; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമൊ;

**<u>മറുപടി:</u> മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽനിന്ന് 82,45,16,986/- രൂപയും ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ നിന്ന് 39,96,13,039/- രൂപയും കുടിശ്ശിക ഉണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ടി തുക നൽകി വരുന്നുണ്ട്.**

**(ബി)** ഹൃദയശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കുന്ന സാഹചര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോ വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഹൃദയശസ്ത്രക്രിയ ഉപകരണങ്ങളുടെ അഭാവം മൂലം സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**(സി)** സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർ രോഗികളുടെ കുടുംബാംഗങ്ങളിൽ നിന്നും പണം പിരിച്ച് ശസ്ത്രക്രിയ ഉപകരണങ്ങളും അനുബന്ധസാമഗ്രികളും വാങ്ങി അടിയന്തര ചികിത്സ നല്കിയതായുള്ള മാധ്യമ വാർത്തകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ; എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലും ആണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; ഈ പ്രതിസന്ധി ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് വ്യക്തമാക്കുമൊ ?

**<u>മറുപടി:</u>** വിവിധ സൗജന്യ ചികിൽസാപദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് സൗജന്യമായാണ് സർക്കാർ ആശുപത്രികളിൽ ചികിൽസ നൽകിവരുന്നത്.

**സെക്ഷൻ ഓഫീസർ**